KSEB

# KERALA STATE ELECTRICITY BOARD LIMITED

*(Incorporated under the Companies Act, 1956)*
*Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004*
CIN:U40100KL2011SGC027424 *Website:* www.kseb.in
Office of the Director (Distribution, IT & HRM)
Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala
*Phone: +91 471 2514685, 2514331, Fax: 0471 2447228 E-mail:ddkseb@kseb.in*

D (D, IT & HRM)/ COVID 19/ 2019 – 2020/13 /                16.05.2020

## പരിപത്രം

വിഷയം :- കോവിഡ് 19 - കെ എസ് ഇ ബി ക്യാഷ് കൗണ്ടറുകളുടെ പ്രവർത്തനം - സംബന്ധിച്ച്

സൂചന :- 1. 15.11.2018 ലെ ബോർഡ് ഉത്തരവ് B.O (FTD) No. 1925 /2018(D(D&IT)/D6-AE2/Cashiers/2018-19/0001)
2.30.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/10

സൂചനയിൽ നൽകിയിട്ടുള്ള പരിപത്രത്തിൽ 16.05.2020 വരെയുള്ള കെ എസ് ഇ ബി ക്യാഷ് കൗണ്ടറുകളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു.

കെ.എസ്.ഇ.ബി ക്യാഷ് കൗണ്ടറുകളുടെ പ്രവർത്തനം 18.05.2020 മുതൽ താഴെപ്പറയുന്ന വിധം പുനഃക്രമീകരിച്ചിരിക്കുന്നു.

1. എല്ലാ സെക്ഷൻ ഓഫീസുകളിലും ക്യാഷ് കൗണ്ടറുകൾ വഴി പണം സ്വീകരിക്കുന്ന സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണി വരെയും, ഇടവേള 1 മണി മുതൽ 2 മണി വരെയും, ബാങ്കിൽ പണം ഒടുക്കേണ്ട സമയം 3 മണി മുതൽ 4 മണി വരെയും ആയിരിക്കും.

2. ഒരു കാഷ്യർ നിലവിലുള്ള സെക്ഷനുകളിൽ ഒറ്റ ക്യാഷ് കൗണ്ടറും മറ്റുള്ളവയിൽ 2 ക്യാഷ് കൗണ്ടറുകളും പ്രവർത്തിക്കേണ്ടതാണ്.

3. ക്യാഷ് കൗണ്ടറുകൾ പുനരാരംഭിച്ചപ്പോൾ പണം അടയ്ക്കുന്നതിനു ഉപഭോക്താക്കൾക്ക് കൺസ്യൂമർ നമ്പറിന്റെ അവസാന അക്കത്തിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിരുന്ന ക്രമീകരണം ഒഴിവാക്കിയിരിക്കുന്നു. അതിനാൽ ഉപഭോക്താക്കൾക്ക് ക്യാഷ് കൗണ്ടറുകൾ പ്രവർത്തിക്കുന്ന ഏതുദിവസം വേണമെങ്കിലും പണം അടയ്ക്കാവുന്നതാണ്.

4. നിലവിലുള്ള ഔട്ട് സ്റ്റേഷൻ ക്യാഷ് കളക്ഷൻ സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച ഉചിതമായ തീരുമാനം ബന്ധപ്പെട്ട ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് എടുക്കാവുന്നതാണ്.

5. കോവിഡ് വ്യാപനം ഒഴിവാക്കാൻ, സൂചനയിലെ പരിപത്രത്തിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ മാർഗനിർദ്ദേശങ്ങളും പാലിച്ചു കൊണ്ട് തന്നെ ക്യാഷ് കൗണ്ടറുകൾ പ്രവർത്തിയ്ക്കേണ്ടതാണ്.

6. മേൽക്രമീകരണങ്ങൾ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് ആവശ്യമായ അറിയിപ്പുകൾ നൽകുന്നതിന് ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ /ചീഫ് എഞ്ചിനീയർ (IT,CR&CAPS) എന്നിവരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

**ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ**

എല്ലാ ഓഫീസ് മേധാവികൾക്കും